# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*93 01.07.2015 ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കിയ പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. യു. കുരുവിള<br>,, സി. എഫ്. തോമസ്<br>,, മോൻസ് ജോസഫ് | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ; | എ) ഈ സർക്കാർ അധികാരമേറ്റപ്പോൾ സംസ്ഥാനത്തൊട്ടാകെ തകർന്ന റോഡുകളായിരുന്നു. ഇതിന് പരിഹാരമായത്, പൊതുമരാമത്ത് വകുപ്പിന്റെ കൃത്യമായ ആസൂത്രണവും പദ്ധതി നടപ്പാക്കലുമാണ്. 3000 കോടി രൂപ ചെലവിൽ 7600 കി. മീ. റോഡുകളുടെ ഉപരിതലം പുതുക്കി. ഇതിൽ മുനിസിപ്പൽ കോർപ്പറേഷൻ റോഡുകളും പഞ്ചായത്ത് റോഡുകളും ഉൾപ്പെടുന്നു. 158 പാലങ്ങളുടെ പണി പൂർത്തിയാക്കി. ഇപ്പോൾ 4000 കി.മീ. റോഡിന്റെ ഉപരിതലം പുതുക്കൽ നടന്നു വരുന്നു. 1500 കെട്ടിടങ്ങളുടെ നിർമ്മാണം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. മൊത്തം 10700 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് വകുപ്പിന് കീഴിൽ ഇപ്പോൾ നടന്നുവരുന്നത്.<br><br>പൊതുമരാമത്ത് വകുപ്പ് ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പുതിയ പദ്ധതികളുടെ വിശദവിവരം അനുബന്ധം 1 ആയി വച്ചിട്ടുണ്ട്. |

| | | |
|---|---|---|
| ബി) | വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കാലോചിതമായ പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | ബി) ഉണ്ടാകും. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കാലോചിതമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്